**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515** **14-03-2022 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹാരിസൺസ് അടക്കമുള്ള വിദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കാൻ സിവിൽ കോടതിയിൽ കേസ് നൽകാൻ റവന്യൂ വകുപ്പിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഹാരിസൺസ് മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളും സമാനമായ മറ്റു വിദേശ കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06.06.2019ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലായി 8 കേസുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ബാക്കിയുള്ള തോട്ടങ്ങൾക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനു മുൻപായി തർക്കഭൂമിയുമായി ബന്ധപ്പെട്ട വളരെയധികം കാലപ്പഴക്കം ചെന്ന ഭൂരേഖകളും പ്രമാണങ്ങളും സെറ്റിൽമെന്റ് രജിസ്റ്ററുകളും അടിസ്ഥാന നികുതി രജിസ്റ്റർ അടക്കമുള്ള റവന്യൂ റെക്കാർഡുകളും സമാഹരിച്ച് സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ട്. അത്തരം പരിശോധനകൾക്ക് വളരെയധികം സമയവും അധ്വാനവും ആവശ്യമാണ്. കൂടാതെ കോവിഡ് 19 മൂലമുണ്ടായ പ്രത്യേക സാഹചര്യവും മൂലമാണ് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനാകാതെ പോയത്. ഇപ്പോൾ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി കോട്ടയം കേന്ദ്രമാക്കി ഒരു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെ നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ ലോ ഓഫീസർമാരുടെ പ്രത്യേക യോഗം ഉൾപ്പെടെ പ്രവർത്തനങ്ങൾ വേഗതയിലാക്കാൻ |

| | | | |
|---|---|---|---|
| | | | മന്ത്രിതലത്തിൽ തന്നെ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കളക്ടർമാരോ എ.ജി. യുടെ ഓഫീസോ ഇക്കാര്യത്തിൽ തടസ്സമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**Details of Civil Case filed by the State against HML and others for establishing title as per G.O (Ms) 172/2019/RD Dated 06.06.2019 ( As on 08.03.2022)**

| Sl No | Title case No and date | Defendants | Area of Estate in Acres | District/ Taluk | Court Name/ Status |
|---|---|---|---|---|---|
| 1 | Os 72 /2019- Dec 19 & IA 07/2020 - 19 jun 20 | Ayana Charitable Trust (Former Gospel for Asia) known as Cheruvally Estate, & HML (as 2nd defendant ) | 2263.80 | Kottayam/ Kanjirapally Taluk- Erumely South & Manimala Villages | SubCourt Palai/ Pending |
| 2 | OS 10 /2020 Jun 2020 | Riya Resorts & Properties Pvt Ltd & HML (as 2nd defendant ) | 206.51 | Kollam / Punaloor | SubCourt Punaloor /Pending |
| 3 | OS 47/2020 Jul 2020 | M/s Harrisons Malayalam Ltd & 6 others | 9293.74 | Pathanamthita /Konni & Ranni | SubCourt PTA / Pending |
| 4 | OS56/2020 04.12-2020 | Travancore Rubber & Tea Co Ltd | 7373.67 | Idukki and Kottayam District– Peermade & Kanjirapally | SubCourt Kattappana / Pending |
| 5 | OS02/2021 06.01.2021 | Travancore Rubber & Tea Co Ltd | 2699.39 | Kollam District Punalur taluk- Ariiencavu & Edamon Villages | SubCourt Punaloor /Pending |
| 6 | OS12/2021 27.02.2021 | M/s Harrisons Malayalam Limited | 7588.83 | Kollam District Punalur | SubCourt Punaloor /Pending |

| | | | | | |
|---|---|---|---|---|---|
| | | | | taluk-Ariiencavu & Thenmala Villages | |
| 7 | OS43/2021 20.12.2021 | M/s Priya Plantations | 492.15 | Kollam District Punalur taluk-Ariiencavu & Thenmala Villages | SubCourt Punaloor /Pending |
| 8. | OS15/2022 22.02.2022 | M/s Harrisons Malayalam Ltd | 1416.63 | Kottayam Dist, Kanjirapally taluk, Erumely North,Erumely South and , Edakkunnam Villages | SubCourt Palai/ Pending |

**Total Area : 31,334.72 Acres**